പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4337 | 19.10.2011-ൽ മറുപടിക്ക് |

## നോർക്ക - റൂട്ട്സിന്റെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. വി. ശ്രേയാംസ് കുമാർ | ശ്രീ. കെ.സി. ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വിദേശത്ത് ജോലി തേടുന്നവരെ സഹായിക്കാനും മാർഗ്ഗനിർദ്ദേശം നൽകാനും നോർക്ക-റൂട്ട്സ് എന്തെല്ലാം പരിപാടികളാണ് ആവിഷ്ക്കരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | * വിദേശത്ത് ജോലി തേടി പോകുന്ന നിരവധി ഉദ്യോഗാർത്ഥികൾക്കായി എച്ച്.ആർ.ഡി./എം.ഇ.എ/എംബസ്സി അറ്റസ്റ്റേഷനുകൾക്കു പുറമേ, യു.എ.ഇ, സൗദി അറേബ്യ, കുവൈറ്റ് എന്നീ രാജ്യങ്ങളുടെ എംബസ്സി അറ്റസ്റ്റേഷനും ചെയ്തുവരുന്നുണ്ട്. മറ്റ് 101 രാജ്യങ്ങളിലേക്കുള്ള അറ്റസ്റ്റേഷൻ സേവനവും നോർക്ക-റൂട്ട്സിന്റെ ഓഫീസുകൾ വഴി 2010 ഡിസംബർ മാസം മുതൽ ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിശ്ചിത ദിവസങ്ങളിൽ സർട്ടിഫിക്കറ്റ് അറ്റസ്റ്റേഷൻ സേവനം പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നുണ്ട്.<br><br>* വിദേശത്ത് തൊഴിൽ തേടുന്നവരെ സഹായിക്കുന്നതിനായി ഒരു റിക്രൂട്ട്മെന്റ് ഏജന്റായി നോർക്ക-റൂട്ട്സ് പ്രവർത്തിക്കുന്നുണ്ട്. ഇതിനോടൊപ്പം തന്നെ നോർക്കറൂട്ട്സ് വിദേശ രാജ്യങ്ങളിലേക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതുമായി ബന്ധപ്പെട്ട് 'ജോബ് പോർട്ടൽ '2010 ഡിസംബർ മാസം ആരംഭിച്ചിട്ടുണ്ട്. www.jobsnorka.gov.in എന്ന ജോബ് പോർട്ടലിൽ ഒരേ സമയം ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ദാതാക്കൾക്കും രജിസ്ട്രേഷൻ നടത്തുവാനുള്ള സംവിധാനം ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | എല്ലാ ജില്ലകളിലും സമയബന്ധിതമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിനോടൊപ്പം തന്നെ കേരളത്തിലെ 14 ജില്ലകളിൽ പ്രീ-ഡിപ്പാർച്ചർ പരിശീലനം കേരള സംസ്ഥാന യുവജനക്ഷേമ ബോർഡുമായി ചേർന്ന് നടത്തുന്നതിനും നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുണ്ട്.<br><br>*വിദേശത്ത് തൊഴിൽ തേടിപ്പോകുന്നവർക്ക് അവരുടെ വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി 2009 ൽ 8 സ്ഥാപനങ്ങൾ മുഖാന്തിരം ആരംഭിച്ച തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം 2010 ഫെബ്രുവരി മുതൽ 20 സ്ഥാപനനങ്ങളിലേക്കു കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. ആഗോള തൊഴിൽ വിപണിയിൽ തൊഴിൽ സാദ്ധ്യത ഏറെയുള്ള 29 കോഴ്സുകളിലാണ് ഈ കേന്ദ്രങ്ങൾ മുഖാന്തിരം പരിശീലനം നൽകുന്നത്.<br><br>*വിദേശത്ത് തൊഴിൽ തേടിപോകുന്നവർ വിസതട്ടിപ്പിനിരയാകാതിരിക്കാനും അവർക്കു വേണ്ടുന്ന ബോധവൽക്കരണം നൽകുന്നതിലേക്കുമായി ബോധവൽക്കരണപരിപാടികൾ നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നുണ്ട്. വിദേശ തൊഴിൽ കാംക്ഷികൾക്കായി റിക്രൂട്ട്മെന്റ് നോർക്ക റൂട്ട്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച് വരുന്നുണ്ട്. കേന്ദ്ര സർക്കാരിൽ ഔദ്യോഗിക റിക്രൂട്ട്മെന്റ് ഏജന്റായി B-549/KER/Com/1000+/05/8760/2011 നമ്പർ പ്രകാരം നോർക്ക റൂട്ട്സിനെ വീണ്ടും അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. അതു പ്രകാരം ഈ സർക്കാർ അധികാരമേറ്റശേഷം 16 പേരെ വിദേശ ജോലിക്ക് റിക്രൂട്ട് ചെയ്യുകയും ചെയ്തിരുന്നു. ഇതിനോടൊപ്പം 56 പേരെ റിക്രൂട്ട് |

| | | | |
|---|---|---|---|
| | | | ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.. ഈ വർഷം കുറഞ്ഞത് 500 പേരെയെങ്കിലും റിക്രൂട്ട്മെന്റ് നടത്തുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ബി) | നിസ്സാര കുറ്റകൃത്യങ്ങളുടെ പേരിൽ വിദേശത്ത് ജയിലിൽ കഴിയുന്ന മലയാളികൾക്ക് നിയമസഹായം നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) | വിദേശങ്ങളിൽ തൊഴിൽ സംബന്ധമായ കേസുകളിൽ കുടുങ്ങിയവരെ മറ്റു നിയമപ്രശ്നങ്ങൾ നേരിടുന്നവരെയും സഹായിക്കുന്നതിലേക്കായി പ്രവാസി ലീഗൽ എയ്ഡ് സെൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (സി) | തൊഴിൽ കരാർ ലംഘിക്കുന്ന തൊഴിലുടമയിൽ നിന്നും നീതി ലഭ്യമാക്കുന്നതിന് ആവശ്യമായ നിയമസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | തൊഴിൽ കരാർ ലംഘിച്ച തൊഴിലുടമകളിൽ നിന്നും ആനുകൂല്യം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട പരാതികൾ എംബസ്സികളുടെ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് നടപടികൾ ചെയ്തുവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

— — —